# ടി.എം. മദ്രസ്സ എ.എൽ.പി.സ്കൂൾ

റഹ്മാൻ ബസാർ, കൊളത്തറ, പി.ഒ, 673655, ഫോൺ : 9446732659, 7561844231
Email: tmmalps@gmail.com

No. :

Date:............................

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി - 2025 - 2026

T.M. MADRASSA ALP SCHOOL
Date:..................
KOLATHARA - 673 655

## ആമുഖം

സമഗ്ര ഗുണമേന്മാ വർഷമായി പ്രഖ്യാപിച്ച 2025-26 അധ്യയന വർഷം പാഠ്യപദ്ധതികളിലും മൂല്യനിർണ്ണയ രീതികളിലും വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ രംഗത്തെ ഗുണപരമായ മാറ്റങ്ങൾക്കും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ മാർഗ്ഗരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുക എന്നതാണ് സ്കൂൾ തല അക്കാദമിക പ്ലാൻ ലക്ഷ്യം വയ്ക്കുന്നത്.

പൊതു വിദ്യാഭ്യാസ രംഗത്ത് മികച്ച സംഭാവനകൾ നൽകിയ ടി.എം മദ്രസ്സ എ.എൽ.പി സ്കൂൾ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തയ്യാറാക്കിയ മികച്ച ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അഭിമാന-പൂർവ്വം സമർപ്പിക്കട്ടെ

പി.ടി.എ പ്രസിഡന്റ് : ഷിബി നറമ്പിൽ
ഹെഡ്മാസ്റ്റർ : സുധീർ സി
എം.പി.ടി.എ പ്രസിഡന്റ് : ഷാഹിദ കെ ടി

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ടി.എം മദ്രസ്സ എ.എൽ.പി സ്കൂൾ കൊളത്തറ. |
| മേൽവിലാസം | : കൊളത്തറ<br>ചെറുവണ്ണൂർ<br>കോഴിക്കോട് - 673655 |
| സ്കൂൾ കോഡ് | : 17528 |
| വിദ്യാഭ്യാസ ഉപജില്ല | : ഫറോക്ക് |
| വിദ്യാഭ്യാസ ജില്ല | : കോഴിക്കോട് |
| റവന്യൂ ജില്ല | : കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | : കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : ബേപ്പൂർ |
| താലൂക്ക് | : കോഴിക്കോട് |

ചരിത്ര പിന്നാമ്പുറങ്ങളിലേക്ക്.....

ഈ സ്കൂളിന്റെ പേര് സൂചിപ്പിക്കുന്ന പോലെ പ്രാരംഭത്തിൽ ഇത് ഓത്തുപള്ളി അഥവാ മദ്രസ്സ ആയിരുന്നു. ലഭ്യമായ രേഖകൾ വച്ചു നോക്കുമ്പോൾ 1939 ൽ ആണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിൽ റഹ്മാൻ ബസാറിലും പിന്നീട് നാഷണൽ ഓട്ടുകമ്പനി സ്ഥിതി ചെയ്യുന്ന സ്ഥലത്തും ആയിരുന്നു. സ്ഥാപക മാനേജർ ശ്രീ കണ്ടത്തൂർ അഹമ്മദ് കോയ ആണ്.

നേരത്തെ ചെറുവണ്ണൂർ നല്ലളം പഞ്ചായത്തിന്റെ ഭാഗമായും ഇപ്പോൾ കോഴിക്കോട് കോർപ്പറേഷന്റെ 43-ാം ഡിവിഷനിലും ഉൾപ്പെടുന്ന ഈ സ്കൂൾ പ്രദേശത്തിന്റെ സാംസ്കാരിക സാമൂഹിക മണ്ഡലത്തിന്റെ നിറസാന്നിധ്യമായി പ്രവർത്തിച്ചുവരികയാണ്.

പൊതുലക്ഷ്യങ്ങൾ:

* സ്കൂളിൽ എത്തുന്ന എല്ലാകുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* എല്ലാകുട്ടികളും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.

* വായന ഒരു സംസ്കാരമായി ഉയർത്തുക എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങളൊരുക്കുക.

* ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും.

* സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനിക വത്കരിക്കും.

* ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

* ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

* മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക.

* കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് സംഘങ്ങൾ രൂപീകരിക്കുക.

* വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.
* പോക്സോ സംബന്ധമായ ബോധവത്കരണം.
* ലഹരി, മൊബൈൽ ഫോൺ ദുരുപയോഗം എന്നിവയ്ക്കെതിരെ ബോധവത്കരണം

അക്കാദമിക ഭൗതിക നേട്ടങ്ങൾ-പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ചരീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപകർ.<br>* ശിശുസൗഹൃദ, ഭിന്നശേഷി സൗഹൃദമായ കെട്ടിടം.<br>* ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം.<br>* കലാ പഠനം, കായിക ശേഷി വികസനം എന്നിവ പരിശീലിപ്പിക്കുന്നു.<br>* പഠന പിന്നോക്ക അവസ്ഥയുള്ളവർക്ക് അതിനുള്ള അവസരം നൽകുന്നു.<br>* സർഗ്ഗാത്മക പ്രകടനം, ആശയവിനിമയ വേദികൾ എന്നിവക്ക് അവസരമൊരുക്കുന്നു.<br>* ദിനാചരണങ്ങൾ മികവുറ്റ രീതിയിൽ നടത്തുന്നു.<br>* കുട്ടികളിൽ പത്രവായന ശീലങ്ങൾ നോട്ടുക്ക് എന്നിവ വളർത്തുന്നതിനുള്ള പരിപാടികൾ നടത്തുന്നു. | * മുഴുവൻ കുട്ടികൾക്കും ഭാഷാ ശേഷി ഗണിത ശേഷി എന്നിവ നേടാൻ കഴിഞ്ഞിട്ടില്ല.<br>* ലൈബ്രറി ഉണ്ടെങ്കിലും സ്വതന്ത്രമായി ഇടപെടാൻ കഴിയുന്നില്ല<br>* വായനയ്ക്ക് വിദ്യാലയം പ്രാധാന്യം നൽകുന്നു വെങ്കിലും കുട്ടികൾ പുസ്തകം വായിക്കാൻ തയ്യാറാവുന്നില്ല.<br>* മത്സര പരീക്ഷയിൽ മിടുക്കരായ വിദ്യാർത്ഥികൾ മാത്രമേ പങ്കെടുക്കുന്നുള്ളൂ.<br>* IED കുട്ടികളുടെ പഠന പിന്നോക്ക മെച്ചപ്പെടുത്തണം. |

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

* എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികളും അവരവരുടെ ക്ലാസിനനുയോജ്യമായ തരത്തിൽ ആശയ വിനിമയ ശേഷി നേടി എന്ന് ഉറപ്പ് വരുത്തുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം ഉണ്ടാക്കുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

* ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിലൂടെയുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
* സ്വതന്ത്ര വായനയ്ക്ക് പ്രാപ്തരാക്കുക.
* സ്വതന്ത്ര രചനയ്ക്ക് പ്രാപ്തരാക്കുക.
* ക്ലാസ് തല ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിലെ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
*

പരിസരപഠനം.

* ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക.
* ശാസ്ത്രീയ മനോഭാവം വളർത്തുക.
* ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം നൽകൽ.
* ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക.

സാമൂഹികാവബോധം:

* ജനാധിപത്യ വേദികൾ ഒരുക്കുക.
* സമൂഹത്തിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിയൽ.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തൽ.

ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാവർക്കും ഉറപ്പാക്കുന്നു.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്നു.
* ഗണിത ചിന്ത, യുക്തി ചിന്ത എന്നിവ വളർത്തുന്നു.

ഐ. സി. ടി.

* വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ.
* അറിവ് നിർമ്മാണത്തിൽ വിവരസാങ്കേതിക വിദ്യയുടെ പങ്ക് തിരിച്ചറിയുന്നു.
* ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടുന്നു.

പ്രവൃത്തി പരിചയം:

* നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
* പാഴ്വസ്തുക്കളുടെ ഉപയോഗം തിരിച്ചറിയൽ
* മറ്റ് വിഷയങ്ങളുമായി ബന്ധപ്പെടുത്തൽ.

കലാപരിശീലനം

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവ് വികസിപ്പിക്കുന്നതിന് അവസരമൊരുക്കുക.
* കലകൾ ആസ്വദിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

ആരോഗ്യകായിക വിദ്യാഭ്യാസം.

* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
* ആരോഗ്യശീലങ്ങൾ ഉറപ്പാക്കുക.
* ശുചിത്വബോധം വളർത്തുക.
* ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാവൂ എന്ന ബോധം വളർത്തൽ.

അറബി

* എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതാനും കഴിവുള്ളവരാക്കുന്നു.
* കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
* വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും ഭാവങ്ങൾ ഭാഷാപഠനത്തിലൂടെ ഉറപ്പ് വരുത്തുക.

## വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക - മോണിറ്ററിങ്

### അക്കാദമിക മോണിറ്ററിങ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ്മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക മോണിറ്ററിങ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല. കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുന:സംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ :-

* അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
* വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക

* കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
* വിദ്യാലയതലത്തിലുള്ള കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുക.

പ്രവർത്തനഘട്ടങ്ങൾ:

തിയതി നിശ്ചയിച്ച സന്ദർശനം:

* ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിച്ച് HELP 2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.

മോണിറ്ററിംഗ് ഉപാധികൾ:-

Unit wise Monitoring format: ഒന്നാംഭാഗം പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.

Portfolio Evidence: കുട്ടികളുടെ പ്രവർത്തനങ്ങൾ ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ

Notebook Entry Checklist: ക്ലാസ് റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.

Observation Tool:- കൃത്യമായി തയാറാക്കിയ ക്ലാസ്റൂം നിരീക്ഷണ ഫോർമാറ്റ്.

## വിലയിരുത്തൽ :-

* HELP 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ-നിരീക്ഷണ റിപ്പോർട്ട് തയാറാക്കുക.
* കുട്ടികളുടെ പ്രതികരണങ്ങൾ, പഠനലഘുചിത്രങ്ങൾ പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
* അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതിയ ആസൂത്രണങ്ങൾ പരിശോധിക്കുക.
* റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാ വികാസം. തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ.

## പ്രവർത്തനലക്ഷ്യങ്ങൾ:

* കുട്ടികളുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
* തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
* വൈവിധ്യമാർന്ന പഠനരീതികൾ – വളർച്ച തിരിച്ചറിയുക.

## പ്രവർത്തനഘട്ടങ്ങൾ

* **പഠനപ്രക്രിയ വിലയിരുത്തൽ :**

-പ്രവർത്തന പങ്കാളിത്തം.

- ആശയധാരണ.

* **പ്രക്രിയാശേഷി വിലയിരുത്തൽ:**

മുൻധാരണകൾ എന്തെല്ലാം?

പുതിയ പ്രക്രിയാശേഷി വിജയകരമായിരുന്നോ?

* **പ്രകടനം / അവതരണം:**

ഗ്രൂപ്പ് പ്രവർത്തനത്തിനുശേഷം വ്യക്തിഗതം.

* **രേഖപ്പെടുത്തൽ.**

പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ

ഗ്രൂപ്പുചർച്ചകൾക്കുശേഷമുള്ള രേഖകൾ നൽകൽ.

## വിലയിരുത്തൽ മാർഗങ്ങൾ:-

* **നിരീക്ഷണം (Observation)** അധ്യാപകന്റെ ദൈനംദിന-നിരീക്ഷണറിപ്പോർട്ട് , ചെക്ക്ലിസ്റ്റ്.

* **അഭിമുഖം (Interview)** കുട്ടിയുമായുള്ള സൗഹൃദ സംവാദം.

* **റേറ്റിംഗ് സ്കെയിൽ:** പ്രവർത്തനത്തിലെ വിവിധ ഘട്ട-കങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.

* **കേസ്സ്റ്റഡി / ഡയറിനോട്ടുകൾ :** വ്യക്തിഗത പഠനം – ഡയറി വഴി അടയാളപ്പെടുത്തുക.

പോർട്ട്ഫോളിയോ വിലയിരുത്തൽ : പ്രതിമാസം ഒരോ

കുട്ടിയുടെയും പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

* ക്ലാസ് പി.ടി.എ യോഗത്തിൽ രക്ഷിതാക്കൾക്ക് കാണിച്ചു കൊടുക്കുക.
* HELP 2025 ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:

* വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്താം.
* ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
* വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും വേണം.
* തത്സമയത്തിൽ നടക്കുന്ന വിലയിരുത്തൽ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

– HELP 2025 ഹാൻഡ്ബുക്കും സമഗ്രപുരോഗതിരേഖയും പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ്റ്റിനി, പ്രതിദിന പഠനാസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധ്യാപകപിന്തുണയും അധികാരികളുടെ മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

# മലയാളം

## പ്രവർത്തനം 1

പേര് - അക്ഷരക്കൂട്ടം

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസിലും പുസ്തകങ്ങൾ ലഭ്യമാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം 2

പേര് - എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3
പേര് – ഉച്ചഭാഷിണി വായന
ഉപമേഖല – വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കുന്ന കുട്ടികളെ പ്രാപ്തരാക്കുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരുദിവസം ഒരു കുട്ടി പത്രം വായിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

പ്രവർത്തനം 4
പേര് – റീഡേഴ്സ് തിയേറ്റർ
ഉപമേഖല – വായന പരിപോഷിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാതാല്പര്യവും അഭിനയം വഴി വ്യക്തിത്വ വികസനവും ലക്ഷ്യമാക്കുന്നു. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. വിവിധ കൃതികളിലെ കഥാപാത്രങ്ങൾ സംഭാഷണശൈലി ശബ്ദവ്യത്യാസം എന്നിവയോടെ വായിച്ച് അവതരിപ്പിക്കുന്നു | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 5

പേര് – ക്ലാസ്തല പതിപ്പുകൾ

ഉപമേഖല – ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ക്ലാസിലെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ്സ്തല പതിപ്പുകൾ ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6

പേര് – രചനാപരിചയക്കുറിപ്പ്

ഉപമേഖല – ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ. ചെറിയ ക്ലാസുകളിൽ വായനാക്കാർഡുകൾ നൽകുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം 7

പേര് അക്ഷരപ്പുലരി
ഉപമേഖല വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമഗ്ര ശിക്ഷ സർവ്വ ശിക്ഷാ അഭിയാൻ (?) ഭാഗമായി മുഴുവൻ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കായി പ്രത്യേകം പിന്തുണാക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | ജൂലൈ മുതൽ | അധ്യാപകർ | |

## പ്രവർത്തനം 8

പേര് പാട്ടരങ്ങ്
ഉപമേഖല ഭാഷാസമൃദ്ധി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പാഠഭാഗത്തെ കവിതകൾ എന്നിവ രാഗതാളങ്ങളോടെ അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 9

പേര് രചനോത്സവം

ഉപമേഖല ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിവിധ വ്യവഹാര രൂപങ്ങൾ മാറി യെഴുതുന്നു- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട കവിത, കഥ, കത്ത് കുറിപ്പ്, വർണ്ണന എന്നിവ സ്വന്തമായി തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | SRG | |

പ്രവർത്തനം 10

പേര് സർഗ്ഗോത്സവം

ഉപമേഖല പ്രകടനവേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷ അവലോകനത്തിൽ | SRG ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

പ്രവർത്തനം: 1
പേര് : ഇംഗ്ലീഷ് അസംബ്ലി
പ്രമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരങ്ങൾ | കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം: 2
പേര് : ഇംഗ്ലീഷ് ഡയറി [3, 4 ക്ലാസുകളിൽ]
പ്രമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ [3, 4 ക്ലാസുകളിൽ]
പ്രമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഓരോ വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചാന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂ ഇയർ<br>ഫെബ്രുവരി - സ്കൂൾ വാർഷികാഘോഷം. | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 4

പേര് : Reading Card work Shop

ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെ വായിക്കാൻ അവർക്ക് കൂട്ടുകൂടാൻ അവസരമൊരുക്കുക. | രക്ഷിതാക്കളെ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | വർഷം മുഴുവൻ | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം : 5

പേര് : Work Sheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം. | വർഷം മുഴുവൻ | എസ്. ആർ. ജി | |

അറബിക്

പ്രവർത്തനം : 1
പേര് : ലോക ഭാഷ-അറബി ഭാഷ
ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക.<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമിക്കൽ<br>• ഭാഷാ കളികൾ | രണ്ടു മാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2
പേര് : അറബി വായനോത്സവം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാ കുറിപ്പുകൾ<br>• അറബി പത്ര വായന | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3
പേര് : അറബി രചനോത്സവം.
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർധിപ്പിക്കുന്നതിന് [illegible] | • പതിപ്പുകളുടെ നിർമാണം.<br>• വായന കുറിപ്പ് ശേഖരണം. | ജൂൺ മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

പ്രവർത്തനം: 1
പേര്: ഗണിത വർക്ക് ഷീറ്റ് ശില്പശാല
ഉപമേഖല: വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാകുട്ടികളിലേക്കും എത്തിക്കുക | എല്ലാ ക്ലാസ്സുകളിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000. |

പ്രവർത്തനം: 2
പേര്: ഗണിതലാബ് (ഗണിതം മധുരം)
ഉപമേഖല: ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാനഗണിതശേഷികൾ മുഴുവൻ കുട്ടികൾക്കും ഉറപ്പാക്കുന്നു | കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം: 3
പേര്: ഗണിതമേള
ഉപമേഖല: ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാനഗണിതശേഷികൾ മുഴുവൻ കുട്ടികളിലും ഉറപ്പാക്കുന്നതിന് | മുഴുവൻ ക്ലാസ്സുകളിലും ഗണിതമേളകൾ ക്രമീകരിക്കൽ- (മാജിക്), കളിനോട്ട്, മാസ്കുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികൾ കുട്ടികൾ ആശയധാരണ കൈവരിച്ചുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റേയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിത ക്ലാസ് പി. ടി. എ
ഉപമേഖല : സി. പി. ടി. എ. ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കുട്ടികൾ വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ ഉറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിത പഠനങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും. | ക്ലാസ്ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം.
ഉപമേഖല : ഗണിത ക്ലബ്ബ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന [illegible] ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ്ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം : 1

പേര് : ശാസ്ത്ര പഠനോപകരണങ്ങൾ നിർമിക്കൽ

മേഖല : പഠനോപകരണ നിർമാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | . ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഉതകുന്ന വിധം പഠനോപകരണങ്ങൾ നിർമിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ. |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയാറാക്കൽ) 4-ാം ക്ലാസ്

മേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠന തൽപരത വളർത്തുക. ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക. | . പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാകുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയാറാക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 3

പേര് : പരീക്ഷണോത്സവം.

ഉപമേഖല : ശാസ്ത്രാന്വേഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| · ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | · ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നു. അവയിൽ എല്ലാ കുട്ടികളും പങ്കാളികൾ ആകുന്നു | · എല്ലാ മാസവും | · ക്ലാസ് ടീച്ചർ<br>· ശാസ്ത്ര ക്ലബ് |

പ്രവർത്തനം : 4

പേര് : പരീക്ഷണ കിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| · ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധം പ്രവർത്തനങ്ങൾ ഒരുക്കുക. | · 3, 4 ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | · അധ്യയന വർഷം മുഴുവൻ | · ക്ലാസ് ടീച്ചർ |

# സാമൂഹികാവബോധം.

പ്രവർത്തനം:1

പേര് : അതിഥിയെ അറിയൽ

ഉപമേഖല: സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| - ചർച്ചകൾ സംവാദങ്ങൾ, അഭി-മുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | . പ്രാദേശികമായി പ്രമുഖ-രായ ആളുകളുമായി അഭി-മുഖത്തിന് അവസരമൊരുക്-കൽ ചർച്ചകൾ, സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഏഴോ മാസത്തിലും | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 2

പേര് : പ്രാദേശിക അറിവ്

ഉപമേഖല : നാട്ടറിവ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| . നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാ-ക്കുന്നതിന്. അതി-ന്റെ സാംസ്കാരിക തനിമ നില നിർ-ത്തുന്നതിന് | . നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുന്നു. | നവംബർ | |

പ്രവർത്തനം : 3

പേര് : ഫീൽഡ് ട്രിപ്പ്

മേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| · സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | · പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | · ഒരു മാസത്തേക്ക് | · ക്ലാസ് ടീച്ചർ |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവരസാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കാൻ പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ) | ഓരോ മാസവും | SITC | |

പ്രവർത്തനം : 2
പേര് : IT ക്ലബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടി സംഘടിപ്പിക്കൽ | ജൂൺ | SITC | |

# പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവർത്തി പരിചയ ശിൽപശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവർത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം. | സെപ്തംബർ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം : 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക | പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ. | ജൂലൈ | ക്ലാസ് ടീച്ചർ | |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗ-വേദി നടത്തൽ. നേതൃത്വം : വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയും | ക്ലാസ് ടീച്ചർ, SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാമ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ഉണ്ടാക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ | നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA | |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയു-ടെയും സവിശേഷ-മായ കഴിവിന്റെ വികാസനത്തിന് അവസരമൊരു-ക്കുക. | കുട്ടികളുടെ കഴിവുകൾ, സ്കൂൾ ഫേസ്ബുക്ക് വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

# ആരോഗ്യ- കായിക- വിദ്യാഭ്യാസം.

പ്രവർത്തനം : 1

പേര് : കായികാരോഗ്യം.

ഉപമേഖല : സുംബ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശരീരത്തിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഒന്ന് ആരോഗ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സുംബാ ഡാൻസ്. | ജൂൺ- മാർച്ച്. | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2

പേര് : ഹെൽത്ത് ചെക്കപ്പ്

ഉപമേഖല : ആരോഗ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ശീലങ്ങൾ ഉറപ്പു വരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യശീലങ്ങൾ ഉറപ്പുവരുത്തുന്നതിന് ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ് | ജൂൺ- സെപ്റ്റംബർ | PTA | 3,000 |

പ്രവർത്തനം : 3

പേര് : കായിക വിദ്യാഭ്യാസം- അധ്യാപക ശിൽപശാല

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | PT പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, സുംബ എന്നിവ നൽകുന്നതിന് അധ്യാപകർക്ക് പരിശീലനം. | ജൂൺ മാർച്ച് | SRG | 1,000 |